File No.HEDN-K3/129/2021-HEDN

6276 | 21 | HRD

"ഭരണഭാഷ മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്

നമ്പർ.കെ3/129/2021/ഉ.വി.വ

16/08/2021.തിരുവനന്തപുരം

9 | 27-8-21
27 AUG 2021

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, IHRD/LBS/CCEK/CAPE, തിരുവനന്തപുരം
4. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/ തൃശ്ശൂർ/ എറണാകുളം/കോഴിക്കോട്

സർ,

വിഷയം:- ഉന്നതവിദ്യാഭ്യാസവകുപ്പ് - 03-01-2020-ലെ ബഹു. എക്സൈസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ വിമുക്തി എക്സിക്യൂട്ടീവ് യോഗത്തിന്റെ മിനുട്സ് - സംബന്ധിച്ച്.

സൂചന:- തിരുവനന്തപുരം എക്സൈസ് കമ്മീഷണറുടെ 19-07-2021-ലെ EXC/243/2017-APC-1(3) നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 03-01-2020-ൽ കൂടിയ വിമുക്തി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ സംസ്ഥാനത്തെ എല്ലാ പ്രൊഫഷണൽ കോളേജുകളിലും 2020 ജനുവരി 30 നകം ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും, ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതായി തിരുവനന്തപുരം എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ താങ്കളുടെ കീഴിലുള്ള കോളേജുകളിലും അടിയന്തിരമായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും, ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ആവശ്യമായ നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

വിശ്വസ്തതയോടെ,
Rajeshkumar K K
Under Secretary
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ് : - എക്സൈസ് കമ്മീഷണർ, നന്ദാവനം, തിരുവനന്തപുരം.

KB3

27-8-2021

**ഉത്തരവ് നമ്പർ. ഇബി3/1419/2021/എച്ച്.ആർ.ഡി** **തീയതി: 03.09.2021**

പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനായി ഐ.എച്ച്.ആർ.ഡി. യിലെ എല്ലാ സ്ഥാപനമേധാവികൾക്കും നൽകികൊള്ളുന്നു.

ഒപ്പ്
ഡയറക്ടർ

പകർപ്പ്:

1. എല്ലാ സ്ഥാപനമേധാവികൾക്കും
2. ഓഫീസ് പകർപ്പ്

അംഗീകാരത്തോടെ

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

No.EXC/243/2017- APC-1 (3)

എക്സൈസ് കമ്മീഷണറുടെ കാര്യാലയം,
നന്ദാവനം, തിരുവനന്തപുരം.
തീയതി: 19.07.2021
jecapckerala@gmail.com

പ്രേഷിതൻ

എക്സൈസ് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

ഡയറക്ടർ,
ഉന്നത വിദ്യാഭ്യാസ വകുപ്പ്
തിരുവനന്തപുരം.

സർ

വിഷയം: എക്സൈസ് - വിമുക്തി - 03.01.2020 തീയതി ബഹു.എക്സൈസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ വിമുക്തി എക്സിക്യൂട്ടീവ് യോഗത്തിന്റെ മിനിട്ട്സ്- സംബന്ധിച്ച്.

സൂചന : 03.01.2020 ൽ വിമുക്തി എക്സിക്യൂട്ടീവ് യോഗത്തിന്റെ മിനിറ്റ്സ്.

മേൽ വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. വിമുക്തി എക്സിക്യൂട്ടീവ് കമ്മിറ്റി 03.01.2020 ൽ കൂടിയ യോഗത്തിൽ എല്ലാ പ്രൊഫഷണൽ കോളേജുകളിലും 2020 ജനുവരി 30 നകം ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ വിമുക്തി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അടുത്ത യോഗത്തിൽ സമർപ്പിക്കുന്നതിലേക്കായി ടി മിനിറ്റ്സിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ചുള്ള റിപ്പോർട്ട് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

സൂചന പ്രകാരമുള്ള മിനിറ്റ്സിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു

വിശ്വസ്തതയോടെ

എക്സൈസ് കമ്മീഷണർക്കുവേണ്ടി